# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## താന്ന്യം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
നം.കെ.എസ്.എ.ടി.എസ്.ആർ(പി.14)1506/2021
തീയതി 16.03.22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/04/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
താന്ന്യം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ടി.എസ്.ആർ(പി.14)1506/2021 തീയതി 16.03.22

തീയ്യതി: 01/04/2022

## തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-10-2019 മുതൽ 04-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 18-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 18-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ബിത.ടി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിദ്യ വിക്രമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുനിത.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രേഖ.ഇ.സി, ഓഡിറ്റർ
ശ്രീ.രഞ്ജിത്ത്.പി.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. പി.എസ്.രാധാകൃഷ്ണൻ, | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.സാബു.പി.വി. | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു.ഐ.എസ്. | അസി.സെക്രട്ടറി | 01-04-2019 | 27-07-2019 |
| ജോയ്.കെ.കെ | അസി.സെക്രട്ടറി | 28-07-2019 | 31-03-2020 |
| അനീഷ്.എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 05-05-2019 |
| ഇക്ബാൽ.പി.എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 06-05-2019 | 31-05-2019 |
| അനീഷ്.എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2019 | 18-07-2019 |
| വാണി | അസിസ്റ്റന്റ് എഞ്ചിനീയർ | 19-07-2019 | 19-07-2019 |
| വിൻസെൻ സി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 20-07-2019 | 26-08-2019 |
| അമ്പിളി.ഐ.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 27-08-2019 | 31-03-2020 |
| പ്രതീഷ്. വി.എസ്. | കൃഷി ഓഫിസർ | 01-04-2019 | 20-06-2019 |
| അനില മാത്യു | കൃഷി ഓഫിസർ | 20-06-2019 | 31-03-2020 |
| ഡോ.ചിഞ്ചു മരിയ കുര്യൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-01-2020 |
| ഡോ.സ്നേഹ അഗസ്റ്റിൻ | വെറ്ററിനറി സർജൻ | 01-02-2020 | 31-03-2020 |
| സ്മൃതി വാസുദേവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| രാജശ്രീ.ടി.എ. | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 03-06-2019 |
| ബേബി കെ.എൽ | ഹെഡ് മിസ്ട്രസ്സ് | 04-06-2019 | 31-03-2020 |

| | | | |
|---|---|---|---|
| പ്രമിന.ഐ.പി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ബീന.വി.എസ്. | വി.ഇ.ഒ താന്ന്യം | 01-04-2019 | 31-03-2020 |
| രശ്മി.പി.എസ്. | വി.ഇ.ഒ കിഴക്കുംമുറി | 01-04-2019 | 31-03-2020 |
| ഡോ.റെജീന | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.സുഗന്ധ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 | 14-08-2019 |
| ഡോ.ജസ്റ്റിൻ മാമ്മൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 14-08-2019 | 31-03-2020 |
| ഡോ.അർച്ചന അശോക് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Bita.T.S (Audit Officer (HG), On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 23-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Bita.T.S (Audit Officer (HG), On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 21-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Bita.T.S (Audit Officer (HG), On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 31-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Bita.T.S (Audit Officer (HG), On 10-10-2021)<br>Last Updated By: REKHA E.C. (Auditor, On 31-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Bita.T.S (Audit Officer (HG), On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 31-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vidya Vikraman (Asst. Audit Officer, On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 23-03-2022) | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: Vidya Vikraman (Asst. Audit Officer, On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 21-03-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Ranjith P.R (Auditor, On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Bita.T.S (Audit Officer (HG), On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 23-03-2022) | 1-10 |
| 11 | വസ്തു നികുതി (റെസിഡൻഷ്യൽ- തൻവർഷം,കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 17-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2022) | 1-11 |
| 12 | വസ്തു നികുതി -നോൺ റെസിഡൻഷ്യൽ- തൻവർഷം-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 17-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 23-03-2022) | 1-12 |
| 13 | ലൈബ്രറി സെസ്സ്-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 17-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 23-03-2022) | 1-13 |
| 14 | വസ്തു നികുതി -കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല<br>Written By: Vidya Vikraman (Asst. Audit Officer, On 17-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 23-03-2022) | 1-14 |
| 15 | വസ്തു നികുതി അഡ്വാൻസ്-"Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി വർദ്ധിപ്പിക്കുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 17-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2022) | 1-15 |

| | | |
|---|---|---|
| 16 | വരവിനങ്ങൾ-രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 17-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 23-03-2022) | 1-16 |
| 17 | ജേണൽ ബുക്ക് - വൌച്ചറുകൾ ഇല്ലാതെ രേഖപ്പെടുത്തലുകൾ നടത്തുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 17-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 23-03-2022) | 1-17 |
| 18 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസ ഡിമാന്റ് തയ്യാറാക്കുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 17-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 26-03-2022) | 1-18 |
| 19 | ജേണൽ വൌച്ചർ- രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 17-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 23-03-2022) | 1-19 |
| 20 | ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 17-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2022) | 1-20 |
| 21 | തൊഴിലുറപ്പ്പദ്ധതി -മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 17-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 26-03-2022) | 1-21 |
| 22 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ന്യൂനതകൾ ഉള്ളതിനാൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 17-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 23-03-2022) | 1-22 |
| 23 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 17-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2022) | 1-23 |
| 24 | Capital Work In Progress -കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 17-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 23-03-2022) | 1-24 |
| 25 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Bita.T.S (Audit Officer (HG), On 27-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 23-03-2022) | 1-25 |
| 26 | ലൈസൻസ്- ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല<br>Written By: Ranjith P.R (Auditor, On 18-10-2021)<br>Last Updated By: Ranjith P.R (Auditor, On 18-10-2021) | 1-26 |
| 27 | വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Ranjith P.R (Auditor, On 18-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 23-03-2022) | 1-27 |
| 28 | ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവ പ്രവർത്തിക്കുന്നു<br>Written By: Ranjith P.R (Auditor, On 18-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 23-03-2022) | 1-28 |
| 29 | ബിൽഡിംഗ് പെർമിറ്റ്- തെറ്റായി നൽകി<br>Written By: Ranjith P.R (Auditor, On 18-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 26-03-2022) | 1-29 |
| 30 | തൊഴിൽ നികുതി<br>Written By: REKHA E.C. (Auditor, On 28-10-2021) | 1-30 |

| | | |
|---|---|---|
| | Last Updated By: Bita.T.S (Audit Officer (HG), On 23-03-2022) | |
| 31 | സ്ഥാപന തൊഴിൽ നികുതി<br>Written By: REKHA E.C. (Auditor, On 28-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2022) | 1-31 |
| 32 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: REKHA E.C. (Auditor, On 28-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2022) | 1-32 |
| 33 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ<br>Written By: REKHA E.C. (Auditor, On 29-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 26-03-2022) | 1-33 |
| 34 | വനിതകൾക്ക് യോഗ പരിശീലനം- പദ്ധതി സംബന്ധിച്ച അപാകതകൾ<br>Written By: Ranjith P.R (Auditor, On 18-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 23-03-2022) | 1-34 |
| 35 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി- നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Sunitha.R (Senior Grade Auditor, On 15-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2022) | 1-35 |
| 36 | നെൽവിത്ത് മുഴുവനായും വിതരണം ചെയ്തില്ല<br>Written By: Sunitha.R (Senior Grade Auditor, On 18-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 26-03-2022) | 1-36 |
| 37 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 27-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 26-03-2022) | 1-37 |
| 38 | പാലിയേറ്റീവ് കെയർ പദ്ധതി-മാർഗ്ഗരേഖ നിർദ്ദേശങ്ങളും ഉത്തരവുകളും പാലിക്കുന്നില്ല<br>Written By: Ranjith P.R (Auditor, On 18-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2022) | 1-38 |
| 39 | ഡെപ്പോസിറ്റ് പ്രവൃത്തി-പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവു തുക തടസ്സപ്പെടുത്തുന്നു<br>Written By: Sunitha.R (Senior Grade Auditor, On 15-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 26-03-2022) | 1-39 |
| 40 | കൃഷിഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ-സാക്ഷ്യപത്രം ഇല്ല<br>Written By: Sunitha.R (Senior Grade Auditor, On 05-11-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2022) | 1-40 |
| 41 | ജി.എസ്.ടി അനുവദിച്ചതിലെ അപാകതകൾ<br>Written By: Bita.T.S (Audit Officer (HG), On 06-11-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 26-03-2022) | 1-41 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വനിതകൾക്ക് യോഗ പരിശീലനം-പരിശീലകർക്ക് അധിക തുക നൽകി<br>Written By: Ranjith P.R (Auditor, On 14-02-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Bita.T.S (Audit Officer (HG), On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 23-03-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 18-10-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Bita.T.S (Audit Officer (HG), On 10-10-2021) | 4-3 |

| | | |
|---|---|---|
| | Last Updated By: Bita.T.S (Audit Officer (HG), On 10-10-2021) | |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Bita.T.S (Audit Officer (HG), On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 26-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 10-10-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Bita.T.S (Audit Officer (HG), On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 10-10-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Bita.T.S (Audit Officer (HG), On 25-03-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2022) | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടം വിവരം<br>Written By: Bita.T.S (Audit Officer (HG), On 25-03-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Bita.T.S (Audit Officer (HG), On 10-10-2021)<br>Last Updated By: Bindu .S. Nair (Deputy Director, On 01-04-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Bita.T.S (Audit Officer (HG), On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 23-2-2019,<br>1/2019 തീയതി 23.2.2019 | |
| പ്രതീക്ഷിത വരവ്.ചെലവ് എന്നിവ | വരവ് | ചെലവ് |
| | 16,54,82,099 | 15,26,96,170 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 9.3.20<br>2(1)/2020<br>തീയതി 09.03.2020 | |
| പ്രതീക്ഷിത വരവ്.ചെലവ് എന്നിവ | വരവ് | ചെലവ് |
| | 23,10,86,867 | 23,59,13,703 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 11-05-2020 |

### 1-3 സാമ്പത്തിക വിശകലനം

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 23154545 |
| ഓഡിറ്റ് വർഷത്തെ വരവ് | 72668442 |
| ആകെ | 95822987 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 69882775 |
| നീക്കിയിരിപ്പ് | 25940212 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18356722 | 18356722 | 11666859 | 6689863 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 13725471 | 13725471 | 8667192 | 5058279 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) | 0 | 9992463 | 9992463 | 6700213 | 3292250 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 7909000 | 7909000 | 2848861 | 5060139 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 0 | 3869000 | 3869000 | 1245531 | 2623469 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 211 | 113807203 | 116 | 46989845 | 25 | 70 | 55 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 22855 | 2240998 | 2263853 | 2263853 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 26063624 | 26063624 | 26063624 | 0 |

## 1-7 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 3360 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 2025600 | 1150 |
| വിധവാ പെൻഷൻ | 4549200 | 2589 |
| വാർദ്ധക്യകാലപെൻഷൻ | 9217800 | 5181 |
| വികലാംഗപെൻഷൻ | 1202700 | 6709 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 578400 | 324 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 360000 | 12 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-10-2021 തീയതിയിൽ 2.50 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30344/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. വാർഷികകണക്കുകൾ സംബന്ധിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടവയാണ്. സോഫ്റ്റ്‌വെയറിൽ നേരിടുന്ന പ്രശ്നങ്ങൾ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി വരവുചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതോടൊപ്പം തന്നെ ആധാരമായി വർത്തിക്കുന്ന അനുബന്ധരജിസ്റ്ററുകൾ/പത്രികകൾ എന്നിവ കാലികമാക്കി കണക്കുകളോട് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതും തുല്യപ്രാധാന്യമർഹിക്കുന്നു. അവശ്യം എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ അപാകതകൾ ഒഴിവാക്കി പരിപാലിക്കേണ്ടതാണ്.
2. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും, സാംഖ്യയുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.
3. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിൽ, മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.02.2021 | 2020-21 | 1.10.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.04.2011 വരെ | 2005-06 മുതൽ 2010-11വരെ | 11.07.2011 |

## 1-11 വസ്തു നികുതി (റെസിഡൻഷ്യൽ- തൻവർഷം,കുടിശ്ശിക)-ഡിസിബി രജിസ്റ്ററും

## വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3000256 | 2910378 | 99028 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3000256 | 2901636 | 107770 | *0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

കുടിശ്ശിക

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2429 | 2665 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *0 | 0 | 0** |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (+.........=......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (/105X100)=......., |

## 1-12 വസ്തു നികുതി -നോൺ റെസിഡൻഷ്യൽ- തൻവർഷം-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1678785 | 1629182 | 55182 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1678785 | 1626921 | 55182 | *0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ | (റസീറ്റ് & പേയ്മെന്റ് | ( 350410104-Advance | ( /105X100) (ബാലൻസ്ഷീറ്റ് |

| | | | | |
|---|---|---|---|---|
| | അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | പത്രിക, ഷെഡ്യൂൾ ആർ.പി-43) | Collection- PT On NR Bldg-ന്റെ ലെഡ്ജർ) | ഷെഡ്യൂൾ ബി-15) |

വൗച്ചർ നമ്പർ 41900345/31.03.2020 തുക 13 ചെലവായി എഴുതി തള്ളിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-13 ലൈബ്രറി സെസ്സ്-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീ കരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസി ഡൻഷ്യൽ | 152997 | 123 | 153120 | 147873 | 134 | 148007 | | | 0 | 0 | 0 |
| | നോൺ-റെസി ഡൻഷ്യൽ | 85169 | 0 | 85169 | 81901 | 0 | 81901 | | | 0 | 0 | 0 |
| | ആകെ | | | 238289 | | | 229908 | | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 238289 | | | 229754 | | | | 239559 | 0 | | |
| | | 0+....... = (2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 – State Govt . Cess/ Levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 229908 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 229754 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 239554 രൂപയാണ്.

## 1-14 വസ്തു നികുതി -കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ താന്ന്യം ഗ്രാമപഞ്ചായത്തിൽ 298 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ രണ്ട് ഡിമാന്റ് എൻട്രികൾ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ

നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15 വസ്തു നികുതി അഡ്വാൻസ്-"Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി വർദ്ധിപ്പിക്കുന്നു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു. അതിൽ 1454 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|
| 41900344 | 31/03/2020 | 1454 |

## 1-16 വരവിനങ്ങൾ-രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4. വാടക ഡിമാന്റ് രജിസ്റ്റർ

5. ലൈബ്രറി രജിസ്റ്റർ

6. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

7. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

8. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-17 ജേണൽ ബുക്ക് - വൌച്ചറുകൾ ഇല്ലാതെ രേഖപ്പെടുത്തലുകൾ നടത്തുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-18 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസ ഡിമാന്റ് തയ്യാറാക്കുന്നില്ല

2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക 2.6.ൽ ചേർത്തിട്ടുണ്ട്)

| ക്രമ നം | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 52512 | 30/09/19 | 41900106 |
| 2. | തൊഴിൽ നികുതി ട്രേഡേഴ്സ് | 110200101-profession Tax -Institution/profession /Traders | 491880 | 30/09/2019 | 41900105 |
| | | | 3530 | 31/03/2020 | 41900405(correction Entry For Demand) |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-19 ജേണൽ വൌച്ചർ- രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income – Property Tax On Residential Buildings | (975) |
| 280100104-Prior Period Income-Property Tax On Non Residential Buildings | (8773) |
| 280200201-Prior Period Income-licence Fees | (600) |
| 280200401-Prior Period Income-Other Income | 63719 |
| 280800201-Prior Period-Administrative Expenses | (112386) |
| 280800301-Prior Period-operations And Maintenance Expenses | 520883 |
| 280100102-Prior Period Income-profession Tax Institutions/professionals/traders | (33850) |
| 280200402-Prior Period Income-recovery Of Unutilized Grants | 120787 |

## 1-20 ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിൽ നീക്കിയിരിപ്പ് 44979511 രൂപയാണ്. 31/3/2020 ലെ ബാലൻസ്ഷീറ്റിൽ നീക്കിയിരിപ്പായി ചേർത്തിരിക്കുന്നത് 45741654 രൂപയാണ്. തൻവർഷം കൂട്ടതലായി ചേർത്തിരിക്കുന്നത് ആകെ 762143 രൂപ മാത്രമാണ്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല എന്ന് വ്യക്തമാണ്. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. മാത്രമല്ല Capital Contribution ആയി ചേർത്തിട്ടുള്ള തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് കാൽകുലേഷൻ ഷീറ്റും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-21 തൊഴിലുറപ്പ്പദ്ധതി -മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 26063624 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തി നിർമിക്കുന്നതിനുള്ള 1140980 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | വടശ്ശേരി കുളത്തിൽനിന്നുള്ള കാന നിർമ്മാണം | 255441 |
| 2 | 107-ാം നമ്പർ സ്നേഹ അംഗൻവാടി നിർമ്മാണം | 719858 |
| 3 | പടിഞ്ഞാറുമന നോർത്ത്ബ്രാഞ്ച് റോഡ് കോൺക്രീറ്റിങ്ങ് | 165681 |
| | ആകെ | 1140980 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 1140980 രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 1140980 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-22 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ന്യൂനതകൾ ഉള്ളതിനാൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2785667 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 567566 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-23 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-24 Capital Work In Progress -കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 (A) പ്രകാരം Capital Work In Progress ആയി 428322/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-25 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-26 ലൈസൻസ്- ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിരുന്നു. എന്നാൽ 2019-20 വർഷത്തെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയോ ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ ആയതിന് അനുസൃതമായി ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടോ എന്ന ഓഡിറ്റ് എൻക്വയറിക്ക് (നം.11/12.10.2021), സ്ഥാപനങ്ങളെ ഇത്തരത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടില്ലെന്നും നിലവിൽ ഫീസ് നിശ്ചയിക്കുന്നത് ഫീൽഡ് തല അന്വേഷണത്തിന്റെയും സ്ഥാപനങ്ങളുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണെന്നും ഈടാക്കുന്ന മിനിമം ഫീസ് 500/- രൂപയാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പറഞ്ഞിട്ടുള്ള ഭേദഗതി ചട്ടങ്ങൾ പ്രകാരമാണ്, ഈടാക്കാവുന്ന കുറഞ്ഞ ഫീസ് 500/- രൂപയാക്കി നിജപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നിലവിലെ ചട്ടവ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചല്ല പഞ്ചായത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നത്. ചട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രിയോ, നിർമ്മാണ യന്ത്രമോ വല്ല പുരയിടത്തിലും സ്ഥാപിക്കുവാൻ 233-ാം വകുപ്പ് പ്രകാരം അനുവാദം നൽകുന്നതിന് പട്ടിക III ൽ പറഞ്ഞ പരമാവധി തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. ഇപ്രകാരം ചുമത്താവുന്ന ഫീസ് നിശ്ചയിച്ച് പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടില്ല (ഓഡിറ്റ് അന്വേഷണം 11/12/10/2021). പട്ടിക III ൽ പറഞ്ഞ പരമാവധി തുകയാണ് ഫീസ് ആയി പഞ്ചായത്തിൽ ഈടാക്കുന്നത് എന്നാണ് സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലർക്കിൽ നിന്നും അറിയാൻ സാധിച്ചത്. എന്നാൽ ഇതിനു വിരുദ്ധമായി

പഞ്ചായത്തിൽ ഫീസ് ഈടാക്കുന്നതായി കാണുന്നു. ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര്/ സ്ഥാപനത്തിന്റെ പേര്/ കെട്ടിട നമ്പർ | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചുമത്താവുന്ന പരമാവധി ഫീസ് | ഈടാക്കിയ ഫീസ് |
|---|---|---|---|---|
| 1 | കാനിഷ് വുഡ് കാർവിംഗ് 7/301 A | 12 HP | 200 | 120 |
| 2 | KART,സ്റ്റീൽ ലേസർ കട്ടിംഗ് 6/278 | 12 HP | 200 | 120 |
| 3 | അശ്വിൻ എഞ്ചിനീയറിംഗ് വർക്സ് 14/126 A | 7 HP | 100 | 70 |
| 4 | അച്ചൂസ് എഞ്ചിനീയറിംഗ് വർക്സ്, 9/87 | 6 HP | 100 | 60 |
| 5 | കുണ്ടുകുളങ്ങര ഫുഡ് പ്രോഡക്ട്സ്, 4/204-206 | 3 HP | 50 | 30 |

ഇപ്രകാരം ഫീസ് ഈടാക്കുമ്പോൾ, ഒരേ കുതിരശക്തിയുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്ന പല സ്ഥാപനങ്ങൾക്കും പല ഫീസ് ഈടാക്കുന്ന അവസരം സൃഷ്ടിക്കപ്പെടുന്നു. വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രിയോ, നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്നതിന് ഫീസ് ഈടാക്കുമ്പോൾ, ചട്ടപ്രകാരം, ഏകീകൃതമായ രീതിയിൽ, ഫീസ് ചുമത്താൻ ശ്രദ്ധിക്കേണ്ടതാണ്. ചുമത്താവുന്ന പരമാവധി ഫീസ് സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുക്കേണ്ടതും, ആയതു പ്രകാരം ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-28 ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവ പ്രവർത്തിക്കുന്നു

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു:

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 12 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് എടുത്തതായി കാണുന്നില്ല.

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നു:

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 6 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് എടുത്തതായി കാണുന്നില്ല.

ആയതുമായി ബന്ധപ്പെട്ടു നൽകിയ എൻക്വയറിക്ക് (നമ്പർ: 14/12.10.21), മേൽ പറഞ്ഞ സ്ഥാപനങ്ങൾക്ക് 13.10.2021 തീയതിയിൽ ഇതു സംബന്ധിച്ച് കത്തു നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ, ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 ബിൽഡിംഗ് പെർമിറ്റ്- തെറ്റായി നൽകി

17.04.2019 തീയതിയിലെ B3-BA(152836)/2019 നമ്പർ പെർമിറ്റ് പ്രകാരം, അബ്ദുൾ നാസ്സർ & ഷക്കീല, പതിപ്പറമ്പത്ത്, പെരിങ്ങോട്ടുകര എന്നിവർക്ക്, 12-ാം വാർഡിലെ 206-ാം സർവ്വെ നമ്പർ സ്ഥലത്ത് 633.08 $M^2$ വിസ്തീർണ്ണത്തിൽ കെട്ടിടം പണിയുന്നതിന് പെർമിറ്റ് നൽകിയിട്ടുണ്ട്. പെർമിറ്റിനുള്ള അപേക്ഷയിൽ റസിഡൻഷ്യൽ കാറ്റഗറിയിലുള്ള കെട്ടിടത്തിനാണ് അപേക്ഷ സമർപ്പിച്ചതായി കാണുന്നത്. എന്നാൽ അപേക്ഷയോടൊപ്പമുള്ള പ്ലാനിൽ നിന്ന് കെട്ടിടം വാണിജ്യാവശ്യത്തിനുള്ള കെട്ടിടമാണെന്ന് വ്യക്തമാണ്. ടി അപേക്ഷ നിരസിക്കുന്നതിനു പകരം, അപേക്ഷകന് റസിഡൻഷ്യൽ കാറ്റഗറിയിലുള്ള കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകിയിട്ടുണ്ട്. പെർമിറ്റ് ഫീസ് ആയി രസീതി നമ്പർ 119150101167/20.06.2019 പ്രകാരം, വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിരക്കിൽ, 3166/- രൂപ ഈടാക്കിയിട്ടുണ്ട്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന്, റസിഡൻഷ്യൽ കാറ്റഗറിയിലുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള പെർമിറ്റാണ് നൽകിയിട്ടുള്ളത്. അംഗീകാരം നൽകിയ പ്ലാനിൽ A.E യും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/16.10.21), ഓഫീസിലെ പരിശോധനയിൽ പ്ലാൻ മാത്രമാണ് പരിശോധിച്ചതെന്നും ആയതിനാൽ അപേക്ഷയിലെ തെറ്റ് കണ്ടുപിടിക്കാതെ പെർമിറ്റ് അനുവദിച്ചെന്നും ടി അപാകത പരിഹരിക്കുന്നതിന് അപേക്ഷകനോട് പെർമിറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തിയ പ്ലാനിന്റെ കോപ്പി അപേക്ഷകനു നൽകിയതാണെന്നും ഇനി മുതൽ 3 കോപ്പിയിലും സാക്ഷ്യപ്പെടുത്തുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

വാണിജ്യാവശത്തിനുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഫീൽഡ് പരിശോധന നടത്തി ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ മേൽ കെട്ടിടത്തിന് ഒക്യുപൻസി അനുവദിക്കാവൂ. കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ കൂടുതൽ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ

പുലർത്തേണ്ടതാണ്.

## 1-30 തൊഴിൽ നികുതി

31.10.17 ലെ ജി.ഒ.പി. നമ്പർ 78/2017 എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ഭേദഗതി വരുത്തിയിട്ടുണ്ട്. ഭേദഗതി വരുത്തിയ ചട്ടങ്ങളിലെ ചട്ടം 14 എ അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ സ്ഥാപനങ്ങളുടെയും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ (മാനേജർ, സെക്രട്ടറി ....), സ്ഥാപനം കൃത്യമായും താമസമന്യേ തൊഴിൽ നികുതി അടവാക്കുന്നതിനും, ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനായി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതും ആയതിന് സെക്രട്ടറി അടുത്ത ദിവസം തന്നെ യൂസർ ഐ.ഡി. പാസ്‌വേർഡ് എന്നിവ നൽകുകയും വേണം. ഇത് സംബന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം അറിയുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 21 തീയതി.16.10.21) മറുപടിയായി യാതൊരു സ്ഥാപനങ്ങളും മേൽ ഉത്തരവ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-31 സ്ഥാപന തൊഴിൽ നികുതി

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും നിർണ്ണയിക്കപ്പെട്ട നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

എന്നാൽ ഫാക്ടറി – വ്യാപാര ലൈസൻസ് (FACTEOS) രജിസ്റ്ററും തൊഴിൽ നികുതി രജിസ്റ്ററും ഒത്തു പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | അടവാക്കാത്ത അർദ്ധ വർഷം | കുറിപ്പുകൾ |
|---|---|---|---|---|
| 1. | ക്ഷീരവ്യവസായ സഹകരണ സംഘം | IX/412 | 1,2 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 16.10.21 തീയതിയിൽ 121010104039 2500/- രൂപ അടവാക്കി. |
| 2. | റോയൽ ഹാർഡ് വെയർസ് | XII /549A | 1,2 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 13.10.21 തീയതിയിൽ 121010104019 600/- രൂപ അടവാക്കി. |
| 3. | എം.ജി.ഹോം അപ്ലൈയൻസ് | XII/527 | 1,2 | അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. |
| 4. | കണ്ണൻസ് കളക്ഷൻസ് | XVIII/319 | 1 | അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. |
| 5. | മിഴി ബ്യൂട്ടിപാർലർ | X/379 | 1 | അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. |
| 6. | അലൈവ് ടാറ്റൂസ് ആൻഡ് പീർച്ചിങ് | XIV/458A | 1 | അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. |
| 7. | ശ്രീരാമ കാറ്ററിംഗ് സർവീസ് | VI/559A | 1 | അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. |
| 8. | പി.കെ.ബി.കാറ്ററിംഗ് | XIV/311A | 1 | അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. |
| 9. | സാപിയൻസ് ഓട്ടോമേഷൻ ഓഫീസ് | V/3H | 2 | അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 6, തീയതി. 08.10.21) മേൽ സൂചിപ്പിച്ച പ്രകാരം മറുപടി ലഭ്യമായിട്ടുണ്ട്.
മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി)

ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും നിർണ്ണയിക്കപ്പെട്ട നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ

I) വ്യാപാര സംരംഭക ലൈസൻസും തൊഴിൽ നികുതി റെജിറ്ററും പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | ചെമ്മാപ്പിള്ളി സൂപ്പർമാർക്കെറ്റ് 18/36 | 5 |
| 2. | സീടീസ് ആയുർവേദ ക്ലിനിക് വടക്കുംമുറി 14/528 | 5 |
| 3. | ശാന്തിപുരത്ത് വുഡ് ഇൻഡസ്ട്രീസ് 15/393 | 4 |
| 4. | സർവതോഭദ്രം 14/322 | 4 |
| 5. | ടിച്ചൂർ ട്രേഡേഴ്സ് (സമൃദ്ധി സൂപ്പർമാർക്കെറ്റ് ) 12/226,227A | 5 |
| 6. | ജെ.കെ.മെറ്റൽ 5/83,84,85 | 5 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II) കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

അസി.എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം 2019-20 വർഷ കാലയളവിൽ പഞ്ചായത്തിൽ കരാറുകാരായി പ്രവർത്തിച്ച താഴെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല .

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1. | പ്രദീപ് കുമാർ കെ .ബി. |
| 2. | ശരത് വി. |
| 3. | ഉണ്ണികൃഷ്ണൻ വി. |
| 4. | ഹരികുമാർ എ. |
| 5. | കെ.കെ.നാരായണൻ |
| 6. | സ്മിത വി.ആർ. |
| 7. | സിദ്ധൻ എം.വി. |
| 8. | രജിൻ എൻ.സി. |
| 9. | പ്രവീൺ കെ. പ്രേമം |
| 10. | രെജി ടി.എ. |
| 11. | കെ.കെ.ഇസ്മയിൽ |
| 12. | ലിജോ ജോണി |
| 13. | പി.കെ.ശ്രീജി |
| 14. | ജോഷി മാട്ടുമ്മൽ |
| 15. | നളിനി ഗോപിനാഥ് |
| 16. | മുരളി |
| 17. | ടിൻസി വർഗീസ് |
| 18. | ഷൈൻ കെ.എസ്. |

പ്രസ്തുത വ്യക്തികളിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

III) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.റേഷൻ കട - 12

2.ഓഡിറ്റോറിയം – 17

3.കള്ള് ഷാപ്പ് – 6

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 6/ തീയതി. 08.10.21) മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമായിട്ടുണ്ട്.

## 1-33 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

പഞ്ചായത്തിലെ 18 വാർഡുകളിലെയും 2019-20 വർഷത്തിൽ പുതുതായി നിർമ്മിച്ച് വസ്തു നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തിയതിൽ താഴെ പറയുന്ന ചില അപാകതകൾ കാണുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 (1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203-ാം വകുപ്പ് (7)-ാം ഉപവകുപ്പ്) പ്രകാരം അടിസ്ഥാന വസ്തു നികുതിയിൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കും അടിസ്ഥാനമാക്കേണ്ട ഘടകങ്ങളുടെ തരം തിരിവുകളും ഓരോ തരത്തിന്റെയും കാര്യത്തിൽ അടിസ്ഥാന വസ്തു നികുതിയുടെ എത്ര ശതമാനം ഇളവ് അല്ലെങ്കിൽ വർദ്ധനവ് വരുത്തേണ്ടതുണ്ട് എന്ന് കൃത്യമായി വിവരിക്കുന്നുണ്ട്. ഇതിലെ പട്ടിക -1 ൽ മേഖലകളുടെ അടിസ്ഥാനത്തിലുള്ള ഇളവ്/വർധനവ്, പട്ടിക -2 ൽ കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവ് എന്നിവ പ്രകാരം എത്ര ശതമാനം ഇളവ് അല്ലെങ്കിൽ വർദ്ധനവ് വരുത്തേണ്ടതുണ്ട് എന്ന് കാണിച്ചിട്ടുണ്ട്.

എന്നാൽ പഞ്ചായത്തിലെ ഒരേ വാർഡിലെ ഒരേ റോഡിനെ തന്നെ വ്യത്യസ്ത മേഖലകളിലും വഴി സൗകര്യങ്ങളിലും ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണയിച്ചിരിക്കുന്നത്. അത് മുഖേന വ്യത്യസ്ത ഇളവുകളും വർദ്ധനവുകളുമാണ് നൽകി കാണുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ പട്ടികപെടുത്തുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര് ,മേഖല | മേഖല ഇളവ് നൽകിയിട്ടുണ്ടോ | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച വർദ്ധനവ് | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ഇളവ് | ഗണം , അടിസ്ഥാന വസ്തുനികുതി നിരക്ക്, അടിസ്ഥാന വിസ്തീർണ്ണം | ആകെ വസ്തു നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) |
|---|---|---|---|---|---|---|---|
| 1. | 10/ 375 ബി | പൂക്കാട്ട്കുന്ന് റോഡ് - ദ്വിതീയം | 10% – ഇളവ് രൂപ -90.588/- | 5 മീ. കൂടുതൽ 20 % വർദ്ധനവ് രൂപ -181.176/- | - | പാർപ്പിടം, 6 /-, 150.98 ച.മീ. | 1047/- |
| 2. | 10/240 എ | പൂക്കാട്ട്കുന്ന് റോഡ് – പ്രഥമം | ഇളവ് – ഇല്ല | 5 മീ. കൂടുതൽ 20 % വർദ്ധനവ് രൂപ – 203.088/- | - | പാർപ്പിടം, 6 /-, 169.24 ച.മീ. | 1280 /- |
| 3. | 14/216 എ | എ.ആർ റോഡ് മാത്തുത്തോട് ലിങ്ക് റോഡ്- ദ്വിതീയം | 10% – ഇളവ് 96.85 | 5 മീറ്ററോ അതിൽ കൂടുതൽ 20 % – വർദ്ധനവ് രൂപ – 193.7/- | - | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ 50/- 19.37 ച. മീ | 1222/- |
| 4. | 14 / 175 എ | എ.ആർ റോഡ് മാത്തുത്തോട് ലിങ്ക് റോഡ് -പ്രഥമം | ഇളവ്- ഇല്ല | 5 മീറ്ററോ അതിൽ കൂടുതൽ 20 % – വർദ്ധനവ് രൂപ – 197.136/- | - | പാർപ്പിടാവശ്യം, 6 /-, 164.28 ച. മീ | 1243/- |

ഒരേ മേഖലകൾക്ക് വ്യത്യസ്ത ഇളവുകളും വർധനവും നൽകുന്നു . ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര് ,മേഖല | മേഖല ഇളവ് നൽകിയിട്ടുണ്ടോ | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച വർദ്ധനവ് | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ഇളവ് |
|---|---|---|---|---|---|
| 1. | 15 / 228 എ | കരിപ്പാകുളം റോഡ്,പ്രഥമം | ഇളവ് - ഇല്ല | 1.5 മീറ്ററിൽ കൂടുതൽ 15 % വർദ്ധനവ് | - |
| 2. | 14 / 175 എ | എ.ആർ റോഡ് മാത്തുത്തോട് | ഇളവ്- ഇല്ല | 5 മീറ്ററോ അതിൽ കൂടുതൽ 20 % – വർദ്ധനവ് | |

| | | | | | | |
|---|---|---|---|---|---|---|
| | | ലിങ്ക് റോഡ് -പ്രഥമം | | | | |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 10(1) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളും, മേഖലകളുടെ തരം തിരിവും, റോഡുകളുടെ തരം തിരിവും യഥാക്രമം 4-ഉം, 7-ഉം, 8-ഉം ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ച് പ്രസിദ്ധീകരിച്ച് കഴിഞ്ഞതിന് ശേഷം, കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയും വാർഷികവസ്തുനികുതിയും കെട്ടിട ഉടമകൾക്ക് സ്വയം നിർണ്ണയിക്കാൻ സഹായകരമായ വിവരങ്ങളടങ്ങിയ ഒരു പൊതു നോട്ടീസ് 203 - ാം വകുപ്പ് (10) – ാം ഉപവകുപ്പ് പ്രകാരം സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത്തരം നടപടികൾ പഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) 2011 ചട്ടങ്ങളിലെ ചട്ടം – 7 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്രദേശങ്ങളെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ വിവിധ മേഖലകളായി തരം തിരിക്കുന്നുണ്ട്. ആയവക്ക് വസ്തു നികുതി നിർണ്ണയം നടത്തുമ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ ഇളവുകളും വർധനവും (ചട്ടം 6 പ്രകാരം) അനുവദിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ ഒരേ വാർഡിലെ ഒരേ റോഡിനെ തന്നെ വ്യത്യസ്ത മേഖലകളിലും വഴി സൗകര്യങ്ങളിലും ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണയിച്ചിരിക്കുന്നത്. അത് മുഖേന വ്യത്യസ്ത ഇളവുകളും വർദ്ധനവുകളുമാണ് നൽകിയിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവം സമാഹരിക്കുന്ന പ്രധാനമായും നികുതികളിലൂടെയാണ്. ഇത് പൂർണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ സേവന പ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും നടപ്പാക്കാൻ സാധിക്കൂ. ഇതിനായി നികുതികളിലെ പ്രധാനപ്പെട്ട വസ്തുനികുതി കുറ്റമറ്റ രീതിയിൽ നിർണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടതുണ്ട്. നിലവിൽ പഞ്ചായത്തിൽ 11604 കെട്ടിടങ്ങൾക്കാണ് വസ്തുനികുതി ഈടാക്കി വരുന്നത്. മേൽ സൂചിപ്പിച്ച രീതിയിലുള്ള നികുതി നിർണ്ണയം വൻ തോതിലുള്ള നികുതി ചോർച്ചയ്ക്ക് കാരണമാകുന്നുണ്ട് .

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ഗ്രാമപഞ്ചായത്തിന്റെ നികുതി ശേഖരണം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയായിരിക്കെ നികുതി ചോർച്ചക്ക് കാരണമാകുന്ന മേൽ വസ്തുതകൾ കണ്ടെത്തി തടയാൻ കഴിയാഞ്ഞത് പരിശോധിക്കേണ്ടതാണ്. നികുതിനിർണയത്തിന് ചട്ടത്തിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് അടിയന്തിര പ്രാധാന്യത്തോടെ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-34 വനിതകൾക്ക് യോഗ പരിശീലനം- പദ്ധതി സംബന്ധിച്ച അപാകതകൾ

2019-20 സാമ്പത്തിക വർഷം, ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ "വനിതകൾക്ക് യോഗ പരിശീലനം" എന്ന പദ്ധതിയുടെ (പ്രൊജക്ട് നം. S0038/20) ഫയലുകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 25.02.2020 മുതൽ 16.03.2020 വരെയുള്ള ദിവസങ്ങളിൽ യോഗ പരിശീലകർക്ക് ബിൽ നമ്പർ 57/19-20, തീ.26.03.2020, പ്രകാരം നൽകിയ തുക സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| പേര് | പ്രവൃത്തി ദിനങ്ങൾ | നല്കേണ്ട തുക | നൽകിയ തുക | അധികം നല്കിയ തുക |
|---|---|---|---|---|
| സുനിത കാർത്തികേയൻ | 14 | 5600/- | 6000/- | 400/- |
| ടി കെ രാധാമണി | 14 | 5600/- | 6000/- | 400/- |

14.02.18 തീയതിയിലെ, 2018-19 മുതൽ 2021-22 വരെയുള്ള സബ്സിഡി മാർഗ്ഗ രേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ ഉത്തരവ് പ്രകാരം, യോഗ പരിശീലനത്തിന്, പരിശീലകർക്ക് ഒരു സെഷന് 400/- രൂപ നിരക്കിൽ ഒരു മാസം പരമാവധി 12000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട് (ഖ. 7.5.5). എന്നാൽ മേൽ പദ്ധതിയിൽ ദിവസേന 400/- രൂപ നിരക്കിൽ 14 ദിവസങ്ങൾക്ക് 5600/- രൂപക്ക് പകരം പരിശീലകർക്ക് 6000/- രൂപ വീതം നൽകിയിട്ടുണ്ട്.

2. പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/13.10.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ 800/- രൂപ തിരിച്ചടക്കേണ്ടതും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-35 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി- നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രൊജക്ട് നം-83/19-20

നിർവ്വഹണോദ്യോഗസ്ഥ – വി.ഇ.ഒ

എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയ ആതിര പി ആർ, പുഴക്കൽ ഹൗസ് (കരാർ തിയതി - 6.9.2019) എന്ന ഗുണഭോക്താവ് നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഠനമുറിയുടെ പണി പൂർത്തീകരിക്കുന്നതിന് തുക വകയിരുത്തിയുണ്ടെന്നും 2022 മാർച്ച് മാസത്തിൽ പണി പൂർത്തീകരിച്ച് തുക കൈമാറുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (നം. 9. തിയതി. 12. 10.21)

## 1-36 നെൽവിത്ത് മുഴുവനായും വിതരണം ചെയ്തില്ല

പ്രൊജക്ട് നമ്പർ - 91/2019-20

നിർവ്വഹണോദ്യോഗസ്ഥൻ – കൃഷി ഓഫീസർ

പ്രൊജക്ട് – നെൽ കൃഷി വികസനം ജനറൽ

പദ്ധതി പ്രകാരം സ്റ്റേറ്റ് സീഡ് ഫാം, ആലത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും ആകെ 3103 Kg നെൽവിത്ത് വാങ്ങിയതിന് 1,24,120 രൂപ (ചെക്ക് നം. (1) 5323360/10.02.20 = 64120/- (2) 1441562/31.01.20 = 60,000/-) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നെൽവിത്ത് വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 2869 Kg നെൽവിത്താണ് വെണ്ടരപ്പാടം ഇറിഗേഷൻ കോൾ കൃഷി സഹകരണ സംഘത്തിന് വിതരണം ചെയ്തിട്ടുള്ളത്. 234 Kg നെൽവിത്ത് വിതരണം ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടി ലഭ്യമായില്ല (നം33 തിയതി. 18.10.21). നെൽവിത്ത് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ഹാജരാക്കുന്നതുവരെ 234 Kg നെൽവിത്തിന്റെ വിലയായ 9360 രൂപ (234 Kg @ 40 Rs) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് നം./പ്രോജക്ട് | തുക | വൗച്ചർ നം./തീയ്യതി | തുക നൽകിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 184/20, കാൻ തൃശ്ശൂർ (കാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം) വിഹിതം നൽകൽ | 80000 | ട്രഷറി ബിൽ നമ്പർ 16/19.11.19 | തൃശ്ശൂർ ജില്ല പഞ്ചായത്ത് | |
| 2 | 183/20 എബിസി പദ്ധതിയ്ക്ക് വിഹിതം നൽകൽ | 210000 | ട്രഷറി ബിൽ നമ്പർ17/19.11.19 | കുടുംബശ്രീ ജില്ലാമിഷൻ കോഡിനേഷൻ | ഒരു നായക്ക് 2100 രൂപ നിരക്കിൽ 100 നായ്ക്കളെ വന്ധ്യംകരിക്കുന്നതിനാണ് തുക നൽകിയിട്ടുള്ളത്. കുടുംബശ്രീ ജില്ലാമിഷന്റെ 25.11.2020 ലെ 1199/സി/16/ കെ.എസ്/ ടി .എസ്.ആർ നമ്പർ വിനിയോഗ സാക്ഷ്യപത്രപ്രകാരം 56 നായ്ക്കളെ വന്ധ്യംകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പൂർണ്ണ വിനിയോഗ സാക്ഷ്യപത്രം പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ലഭ്യമാക്കേണ്ടതാണ്. |
| 3 | 195/20, വാലികോളനിയിലെ ഇലക്ട്രിക്ക്പോസ്റ്റ് മാറ്റൽ വാർഡ് -8 | 13500 | 230800106/ 26.12.2019 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ, ഇരിങ്ങലക്കട | |

## 1-38 പാലിയേറ്റീവ് കെയർ പദ്ധതി-മാർഗ്ഗരേഖ നിർദ്ദേശങ്ങളും ഉത്തരവുകളും പാലിക്കുന്നില്ല

1. പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ (2019-20) ഒരിക്കൽ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നത് (24.07.2019). യോഗങ്ങളിൽ മെമ്പർസെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന - അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015 ഖ.2-3-2 കാണുക. എന്നാൽ ഇത്തരത്തിലുള്ള

പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ ഈ കമ്മിറ്റിയിൽ നടന്നിട്ടില്ല.

2. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തിയ്യതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ് (മേൽ ഉത്തരവ് ഖ.2-4-1 കാണുക). എന്നാൽ ഈ കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും 2019-20 സാമ്പത്തിക വർഷത്തിൽ യോഗം ചേർന്നിട്ടില്ല.

3. 29.10.2015 ലെ സ.ഉ. (സാധാ) നമ്പർ 3217/2015/ത.സ്വ.ഭ.വ. ഖണ്ഡിക 2-5(6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. നോമിനൽ രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും വെബ്സൈറ്റിലെ ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടില്ല. മേൽ ഉത്തരവ് പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിൻെറ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് – (24/16.10.2021) മറുപടി ലഭ്യമാക്കിയില്ല.

## 1-39 ഡെപ്പോസിറ്റ് പ്രവൃത്തി-പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവു തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥ – ഐ. സി .ഡി .എസ്. സൂപ്പർവൈസർ

പ്രൊജക്ട് നം/പേര്- 177/19-20, ബോധാനന്ദ അംഗൻവാടിക്ക് പൈപ്പ് കണക്ഷൻ

മേൽ പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിക്ക് 19000 രൂപ (ചെക്ക് നം : 5323384, തിയതി 17.3.20) കൈമാറിയിട്ടുണ്ട്

28.1.2018 ലെ പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ. ഉ. ( കൈ) നം.11/ 2018 തസ്വഭവ ഖ 11.2. ഡി (ii) പ്രകാരം വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി തുടങ്ങിയ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകേണ്ടതാണെന്നും തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്നും നിർദ്ദേശിക്കുന്നുണ്ട്. നിർദ്ദേശം ഡി (iv) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

എന്നാൽ മേൽ നിർദ്ദേശങ്ങൾ പദ്ധതി നടത്തിപ്പിൽ പാലിക്കപ്പെട്ടിട്ടില്ല. വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവയുടെ അടിസ്ഥാനത്തിൽ കരാറിലേർപ്പെട്ടിട്ടില്ല. ആയതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം. 8. തിയതി. 12. 10.21) ക്ക് മറുപടി പദ്ധതി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കരാറിൽ ഏർപ്പെടാതെ തന്നെ മുൻകൂർ തുക കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ പത്രം, പദ്ധതി പ്രവർത്തനക്ഷമമായതിന്റെ റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതവരെ ചെലവു തുക 19000 രൂപ തടസ്സത്തിൽവെക്കുന്നു

(ഓഡിറ്റ് എൻക്വയറി നം. 8. തിയതി. 12. 10.21)

## 1-40 കൃഷിഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ-സാക്ഷ്യപത്രം ഇല്ല

പ്രൊജക്ട്നമ്പർ - 92/19-20 തെങ്ങ് കൃഷി വികസനം

പ്രൊജക്ട് നമ്പർ - 98/19-20 നെൽകൃഷിക്ക് കൂലി ചെലവ് (വനിത)

പ്രൊജക്ട് നമ്പർ - 100/19-20 നെൽകൃഷിക്ക് കൂലി ചെലവ് (ജനറൽ)

കൃഷിഓഫീസർ നടപ്പിലാക്കിയ മേൽ പദ്ധതികളിൽ കൃഷി ചെയ്തത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനോ ഫീൽഡ് സ്റ്റാഫുകളോ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.കൃഷി ചെയ്തത് സംബന്ധിച്ച വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ആയത് സാക്ഷ്യപ്പെടുത്തി ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 ജി.എസ്.ടി അനുവദിച്ചതിലെ അപാകതകൾ

കേന്ദ്ര വിജ്ഞാപനം 12/17 Central Tax (Rate) തീയ്യതി 28.6.17 പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30.6.17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. "Services By A Governmental Authority By Way Of Any Activity In Relation To Any Function Entrusted To A Panchayath Under Article 243G Of The Constitution" ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (13) പ്രകാരം Roads, Culverts, Bridges, Ferries...etc എന്നിവയുടെ നിർമ്മാണവും പരിപാലനവും പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു.

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ, കണ്ണൻ ചിറയിൽ പാലം (കൾവെർട്ട്) നിർമ്മിക്കുന്നതിനായി സോയിൽ ടെസ്റ്റ് നടത്തൽ എന്ന പ്രൊജക്റ്റിൽ (No.253/20) ഗവൺമെന്റ് സ്ഥാപനമായ തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെന്ററിന് 21356 രൂപ ജി.എസ്.ടി. ഇനത്തിൽ (CGST@9%10667.96 + SGST @9%10667.96) അധികം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

Invoice No.2214/17.3.20 കൺസൾട്ടൻസി - 118644 + CGST@9%10667.96 + SGST @9%10667.96 = 140000 രൂപ. ജി.എസ്.ടി. ഇനത്തിൽ കൂടുതലായി 21356 രൂപ നല്കിയതിന് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.16/13.10.21 നൽകിയതിന്

കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ സെന്റർ, ഗവ.എഞ്ചിനീയറിംഗ് കോളേജ് തൃശ്ശൂർ നൽകിയ വിശദീകരണം മറുപടിയോടൊപ്പം ലഭ്യമാക്കി. പ്രസ്തുത സെൽ ഗവൺമെന്റ് ഓർഗനൈസേഷൻ അല്ല. അസോസിയേറ്റ് മാത്രമാണെന്ന് തിയ്യതി വെക്കാത്ത കത്തിൽ മാനേജർ രേഖപ്പെടുത്തിയിരിക്കുന്നു. പഞ്ചായത്തിന്റെ പ്രാഥമിക ചുമതലകളിൽ ഉൾപ്പെടുന്ന ജലസേചനാവശ്യത്തിനുള്ള പുളിക്കെട്ട് നിർമ്മിക്കുന്നതിന്റെ ഭാഗമായ പ്രവൃത്തി ആയതിനാൽ തന്നെ ജി.എസ്.ടി നൽകേണ്ടതില്ല. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന തുക ജി.എസ്.ടി ഇനത്തിൽ അധികം നൽകിയതായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ പ്രൊജക്ടുകൾ ചെയ്യുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വനിതകൾക്ക് യോഗ പരിശീലനം-പരിശീലകർക്ക് അധിക തുക നൽകി

2019-20 സാമ്പത്തിക വർഷം, ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ "വനിതകൾക്ക് യോഗ പരിശീലനം" എന്ന പദ്ധതിയുടെ (പ്രൊജക്ട് നം. S0038/20) ഫയലുകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 25.02.2020 മുതൽ 16.03.2020 വരെയുള്ള ദിവസങ്ങളിൽ യോഗ പരിശീലകർക്ക് ബിൽ നമ്പർ 57/19-20, തീ.26.03.2020 പ്രകാരം നൽകിയ തുക സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| പേര് | പ്രവൃത്തി ദിനങ്ങൾ | നല്കേണ്ട തുക | നൽകിയ തുക | നൽകിയ തുക അധികം |
|---|---|---|---|---|
| സുനിത കാർത്തികേയൻ | 14 | 5600/- | 6000/- | 400/- |
| ടി കെ രാധാമണി | 14 | 5600/- | 6000/- | 400/- |

14.02.18 തീയതിയിലെ, 2018-19 മുതൽ 2021-22 വരെയുള്ള സബ്സിഡി മാർഗ്ഗ രേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ ഉത്തരവ് പ്രകാരം, യോഗ പരിശീലനത്തിന്, പരിശീലകർക്ക് ഒരു സെഷന് 400/- രൂപ നിരക്കിൽ ഒരു മാസം പരമാവധി 12000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട് (ഖ. 7.5.5). എന്നാൽ മേൽ പദ്ധതിയിൽ ദിവസേന 400/- രൂപ നിരക്കിൽ 14 ദിവസങ്ങൾക്ക് 5600/- രൂപക്ക് പകരം പരിശീലകർക്ക് 6000/- രൂപ വീതം നൽകിയിട്ടുണ്ട്.

2. പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/13.10.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ 800/- രൂപ തിരിച്ചടക്കേണ്ടതും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | 69/ 19-20 മിച്ച ഭൂമി തോട്ടൻ ചിറ റോഡ് സൈഡ് പാർശ്വഭിത്തി നിർമ്മാണം വാർഡ് 11 | 300000 | 0 |
| | 2019-20 | 600000 | 91/19-20 നെൽകൃഷി വികസനം( ജനറൽ ) | 600000 | 0 |
| | 2019-20 | 44134 | 100/19-20 നെൽകൃഷി വികസനം( ജനറൽ ) | 44134 | 0 |

| | | | | | |
|---|---|---|---|---|---|
| | 2019-20 | 100000 | 104/19-20<br>പാലിയേറ്റീവ് കെയർ | 100000 | 0 |
| | 2019-20 | 1300000 | 101/19-20<br>ലൈഫ് (s C) | 360000 | 940000 |
| | 2019-20 | 1500000 | 105/19-20<br>ലൈഫ് രണ്ടാം ഘട്ടം (ജനറൽ ) | 698896 | 801104 |
| | 2019-20 | 220000 | 108/19-20<br>ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് പാലിന് സബ്സിഡി | 220000 | 0 |
| | 2019-20 | 350000 | 112/19-20<br>ഭിന്നശേഷിയുള്ളവർക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് /ബത്ത നൽകൽ | 350000 | 0 |
| | 2019-20 | 450000 | 207/19-20<br>കിഴപ്പിള്ളിക്കര ലക്ഷം വീട് കോളനി സമഗ്ര വികസനം വാർഡ് 8 | 0 | 450000 |
| | 2019-20 | 300000 | 206/20<br>ലക്ഷം വീട് കോളനി നടപ്പാത ടൈൽ വിരിക്കലും കാന നിർമ്മാണവും വാർഡ് 12 | 0 | 300000 |
| | 2019-20 | 100000 | 18/19-20<br>സ്ട്രീറ്റ് ലൈൻ സ്ഥാപിക്കലും ട്യൂബ് ഫിറ്റു ചെയ്യലും | 79218 | 20782 |
| | 2019-20 | 33585 | 98/19-20<br>കുടുംബശ്രീ പ്രവർത്തകർക്ക് പച്ചക്കറി കൃഷിക്ക് കൂലി ച്ചെലവ് സബ്സിഡി | 33580 | 0 |
| | 2019-20 | 100000 | 98/19-20<br>നെൽകൃഷിക്ക് കൂലി ചെലവ് (വനിത) | 100000 | 0 |
| | 2019-20 | 90000 | 100/19-20<br>നെൽകൃഷിക്ക് കൂലി ചെലവ് (ജനറൽ) | 90000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 99805 | 104/19-20<br>പാലിയേറ്റീവ് കെയർ | 99805 | 0 |
| | 2019-20 | 250000 | 108/20<br>ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ് സിഡി | 250000 | 0 |
| | 2019-20 | 250000 | 111/20<br>വികലാംഗർക്ക് മുച്ചക്ര വാഹനം | 250000 | 0 |
| | 2019-20 | 200000 | 112/20<br>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| | 2019-20 | 187569 | 117/20 അങ്കണവാടി പോഷകാഹാരം | 200000 | (12431) |
| | 2019-20 | 100000 | 166/20 പൊതു കിണർ അറ്റകുറ്റപ്പണി | 100000 | 0 |
| | 2019-20 | 410000 | 162/20 വൃദ്ധർക്ക് കട്ടിൽ (ജനറൽ ) | 0 | 410000 |
| | 2019-20 | 150000 | വികലാംഗ ക്ഷേമം - ഉപകരണങ്ങൾ വാങ്ങൽ | 94671 | 55329 |

ഓഡിറ്റിന് ലഭ്യമാക്കിയ കണക്കുകളുടെ അടിസ്ഥാനത്തിലാണ് ടി ഖണ്ഡികയിൽ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 മായി വ്യത്യാസപ്പെട്ടിരിക്കുന്നു. പരിശോധിക്കുന്നതിന് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2019-20 ൽ ഡെപ്പോസിറ്റ് വർക്കുകൾ ഒന്നും തന്നെയില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | - | 4332334 | 1913602 | 558823 | 5687113 |
| EMS Loan | - | 0 | 1188513 | 600000 | 588513 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72668442 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69882775 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 800/- |

| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28360 |
|---|---|

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 800 | ഡോ.ജസ്റ്റിൻ മാമ്മൻ, മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 9,360 | അനില മാത്യു, കൃഷി ഓഫീസർ |
| 1-39 | 19,000 | പ്രമിന.ഐ.പി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 28,360 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| 1-34 | 800 | ഡോ.ജസ്റ്റിൻ മാമ്മൻ, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | മെഡിക്കൽ ഓഫീസർ ഗവ.ആയുർവേദ ഡിസ്പെൻസറി താന്ന്യം ഗ്രാമപഞ്ചായത്ത് | തെക്കേപ്പുരക്കൽ ഹൗസ്, മുളയം പി.ഒ,വലക്കാവ്, തൃശ്ശൂർ, പിൻ-680751 |

റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| 1-36 | 9,360 | അനില മാത്യു, കൃഷി ഓഫീസർ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ മതിലകം ബ്ലോക്ക് | പുത്തൻപുരക്കൽ ഹൌസ്, ചിയാരം |
| 1-39 | 19,000 | പ്രമിന.ഐ.പി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | താന്ന്യം ഗ്രാമപഞ്ചായത്ത് ഐ.സി.ഡി.എസ്. സൂപ്പർവൈസർ CDPO, മതിലകം ബ്ലോക്ക് | നെടിയിരിപ്പിൽ (H) പി.ഒ, കഴിമ്പ്രം എടമുട്ടം തൃശ്ശൂർ – 680658 |
| ആകെ | 28,360 | | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1977-78 | എൽഎഫ്.ടി.എസ്.1679/ 18.7.11/ 1.10.11 |

| | |
|---|---|
| 1981-82 | എൽ.എഫ്.ടി.13-1880/84/ 7.2.85 |
| 1982-83 | എൽ.എഫ്.ടി.13-1317/87/ 12.8.87 |
| 1983-84 | എൽ.എഫ്.ടി.13-923/88/1.7.88 |
| 1984-85 | എൽ.എഫ്.ടി.13-142/89/ 18.9.89 |
| 1985-86 | എൽ.എഫ്.ടി.13-2144/91/ 23.7.93 |
| 1986-87,<br>1987-88 | എൽ.എഫ്.ടി.13-1236/93/ 23.7.93 |
| 1988-89,<br>1989-90 | എൽ.എഫ്.ടി.13-1490/93/ 16.2.94 |
| 1990-91 | എൽ.എഫ്.ടി.13-629/96/8.6.96 |
| 1991-92 | എൽ.എഫ്.ടി.13-1491/93/ 15.2.94 |
| 1992-93,<br>1993-94 | എൽ.എഫ്.ടി.13-718/97/3.1.97 |
| 1996-97 | എൽ.എഫ്.ടി.13-113/563/ 98/7.10.98 |
| 1997-98 | എൽ.എഫ്.ടി.15-28/98/5.6.99 |
| 1998-99 | എൽ.എഫ്.ടി.15-1624/00/ 14.9.00 |
| 1998-99 | എൽ.എഫ്.ടി.15-1785/01/ 3.9.02 |
| 1999-00 | എൽ.എഫ്.ടി.15-1822/01/ 31.10.02 |
| 2000-01 | എൽ.എഫ്.ടി.15-1748/02/ 4.9.03 |
| 2001-02 | എൽ.എഫ്.ടി.15-1734/03/ 9.6.04 |
| 2001-02 | എൽ.എഫ്.ടി.15-239/04/ 13.9.04 |
| 2002-03 | എൽ.എഫ്.ടി.15-352/06/ 12.3.07 |
| 2003-04 | എൽഎഫ്.ടി.11-2614/08/ 25.5.10 |
| 2004-05 | എൽഎഫ്.ടി.11-64/09/ 25.5.10 |
| 2005-06 | എൽഎഫ്.ടി.11-29/10/ 29.1.10 |
| 2006-07 | എൽഎഫ്.ടി.11-30/10/ 29.1.11/ 29.6.11 |
| 2007-08 | എൽഎഫ്.ടി.(പി2)685/12/ 13.6.12 |
| 2008-09 | എൽഎഫ്.ടി.(പി2)686/12/ 13.6.12 |
| 2009-10 | എൽഎഫ്.ടി.(പി2)687/12/ 13.6.12 |
| 2011-12 | എൽഎഫ്.ടി.(പി2)-910/13/ 3.12.13 |
| 2012-13 | എൽ.എഫ്.ടി.പി2-848/2014 |
| 2013-14<br>2014-15 | കെ.എസ്.എ.ടി.എസ്.ആർ.<br>പി2-370/16dt.29.03.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.<br>പി2-1940/2016dt.14.11.2016 |

| | |
|---|---|
| 2016-17 | കെ.എസ്. എ-ടി.എസ് ആർ(പി2)1404/2017<br>തിയതി:14.09.2017 |
| 2017-18 | കെ.എസ്. എ-ടി.എസ്<br>ആർ(പി2)255/2019തിയതി:11.06.2019 |
| 2018-19 | കെ.എസ്. എ-ടി.എസ്<br>ആർ(പി2)1693/2019തിയതി:21.12.2019 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്